
സത്യം

അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

പുസ്തകം 44 | ലക്കം 3 | 2017 ആഗസ്റ്റ് 20


# സ്മരണാഞ്ജലി പരസ്പരാനന്ദ സംഗമം

**സന്ദർശൻ കഥകളി വിദ്യാലയം, തെക്കേനട, അമ്പലപ്പുഴ**

**2017 സെപ്റ്റംബർ 17 ഞായറാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 5 വരെ**

**എല്ലാവർക്കും സ്വാഗതം**

സെപ്റ്റംബർ 17 ഞായറാഴ്ച കുറുപ്പുസാർ നമ്മെ വിട്ടുപിരിഞ്ഞിട്ട് 13 വർഷം തികയുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം അർപ്പിച്ച് പ്രവർത്തനശൈലിയിൽനിന്ന് ഊർജ്ജം ഉൾക്കൊള്ളുവാൻ നമുക്ക് ഒത്തുചേരാം. സകുടുംബം സ്വാഗതം. അമ്പലപ്പുഴ ക്ഷേത്രത്തിന്റെ തെക്കേ നടയിൽനിന്ന് അര കിലോമീറ്റർ തെക്കോട്ടു നടന്നാൽ സന്ദർശനിൽ എത്താം. ദർശനം ആശയങ്ങൾ ജീവിതമായി വിരിയിക്കുവാൻ വേണ്ടിയാണ് മേള. എല്ലാവരേയും സ്വന്തമായി കണ്ട് പരിശീലിച്ചുനോക്കാം. കഴിയുന്നതും രാവിലെ 9ന് അമ്പലപ്പുഴ ജംഗ്ഷനിലുള്ള ടൗൺഹാളിൽ എത്തുക. പദയാത്രയായി മേളസ്ഥലത്തേക്കുപോകാം. അവിടെ കുറുപ്പുസാറിനെ ഒന്നു സ്മരിച്ച് നമ്മുടെ മനസ്സിനെ അന്യോന്യതയിലേക്ക് വികസിപ്പിക്കുവാനുള്ള ഒരു ഭാവത്തോടെ പുഷ്പാർച്ചന നടത്തിയിട്ട് ഹാളിൽ ഒത്തുചേരാം. പരസ്പരം പരിചയപ്പെട്ട് തറക്കൂട്ടം കൂടി വർത്തമാനം പറഞ്ഞിരിക്കാം. ഒരു തിരക്കുമില്ല. കുറുപ്പുസാറിന്റെ ലേഖനങ്ങൾ വായിച്ച് ചർച്ച നടത്താം. മാനുഷികധ്യാനം നടത്താം. അഭിപ്രായങ്ങൾ പങ്കിടാം. തറകളിൽ മാറി മാറി പങ്കെടുക്കാം. ഒരു

മണിക്ക് ഊണ് കഴിഞ്ഞ് ഒന്നിച്ചിരിക്കുമ്പോൾ സന്ദേശങ്ങൾക്കും പൊതുവേ പറയാനുള്ള കാര്യങ്ങൾക്കും അവസരം ഉണ്ടാകും. അഞ്ചു മണിയോടെ മാനുഷികധ്യാനം കഴിഞ്ഞ് പിരിയാം. ലോകം നന്നാക്കുവാനുള്ള വഴിയൊന്നും ദർശനത്തിനിപ്പോഴില്ല. ഈ ലോകത്ത് പരോപകാരപ്രദമായി സന്തോഷമായി എങ്ങനെ ജീവിക്കാൻ കഴിയും എന്ന് സ്വയം പഠിക്കുവാൻ മാത്രമാണ് ഈ കൂടിച്ചേരൽ. തർക്കത്തിനും പഠിപ്പിക്കലിനും വേദിയില്ല. നോട്ടീസും പ്രചാരണവുമില്ല. പ്രഭാഷണങ്ങളുമില്ല. അങ്ങിനെ ഇല്ലായ്മകൾക്ക് ഒരു കുറവുമില്ലാത്ത കൂടിച്ചേരലിന് താത്പര്യമുള്ളവർ പങ്കെടുക്കുക. യോഗത്തിൽ നല്ല മൈത്രീവടകം തയ്യാറാക്കണം. നിത്യേന സേവിക്കാം കൊണ്ടു പോവുകയും ചെയ്യാം. അത് എങ്ങിനെയാണെന്ന് കുറുപ്പുസാറിന്റെ 2002 ഒക്ടോബറിലെ ഈ ലേഖനം വായിച്ചു നോക്കുക.

## മൈത്രീവടകം

വീടുകൾക്കുള്ളിലും പുറത്തും അവനവനു വേണ്ടി മാത്രം ജീവിച്ചു കൊണ്ട്, ഭീകരതകളെപ്പറ്റി അഭിപ്രായം പറയാനും പ്രതിഷേധിക്കുവാനും മിടുക്കു കാട്ടുകയല്ലേ നാം. ധാരാളം വായിക്കുന്നവർ, നല്ല ധാരണാ ശക്തി ഉള്ളവർ നിരവധി സംഭവങ്ങളെ ഉദാഹരിച്ച് തന്റെ അറിവു വെളിപ്പെടുത്തുകയും സ്വാഭിപ്രായം വൃഥാ ഉറപ്പാക്കുകയും ചെയ്യുന്നു. നാം ആരാധനാലയങ്ങളും വിദ്യാലയങ്ങളും ആതുര ശുശ്രൂഷാകേന്ദ്രങ്ങളും കെട്ടി ഉയർത്തുന്നു. ഇതൊക്കെ ഒരു വഴിയേ നടക്കുമ്പോഴും ഭീകരപ്രവർത്തനം ശക്തിപ്പെട്ടു കൊണ്ടേ വരുന്നു. ഭീകര പ്രവർത്തകരെ ഉന്മൂലനം ചെയ്യുവാൻ സർക്കാർ പട്ടളത്തെയും കമാൻഡോകളെയും ജാഗ്രതയോടെ നിയോഗിക്കുന്നു. ഇനി ഉണ്ടാവുകയില്ല എന്നു പ്രഖ്യാപിക്കുന്നു. ഭീകരരുടെ എണ്ണവും ഭീകര സംഭവങ്ങളും ഒന്നിനൊന്നു വർദ്ധിച്ചു വരുന്നു. നേടിയ സംസ്കാരങ്ങളേയും പടുത്തുയർത്തിയ സ്ഥാപനങ്ങളെയും നിമിഷം കൊണ്ട് ഇല്ലായ്മ ചെയ്യുവാൻ കഴിയുന്ന തരത്തിൽ വിനാശത്തിന്റെ അഗ്നി പടർന്നു കൊണ്ടിരിക്കുകയല്ലേ.

ഭീകരരുടെ ആയുധങ്ങളും, വാക്കുകളും, നയങ്ങളും തന്നെയല്ലേ ഭീകരതയെ നേരിടുവാൻ സർക്കാരുകളും എതിരാളികളും ഉപയോഗിച്ചു പോരുന്നത്. അതിനതിന് ഭീകര പ്രവർത്തനങ്ങൾ വർദ്ധിച്ചു വരുന്നു. ഗവൺമെന്റുകൾക്ക് ബലത്തിന്റെ സമീപനം ഉപേക്ഷിക്കു

വാൻ പറ്റില്ല. എത്രവട്ടം നിഷ്ഫലമെന്നു തെളിഞ്ഞാലും അതിൽ തന്നെ ഉറച്ചു നിൽക്കുവാനേ ഭരണകൂടങ്ങൾക്കു കഴിയൂ. എന്നാൽ ജനങ്ങൾക്ക് പുതിയ വഴികൾ കണ്ടെത്തുവാൻ കഴിയും. അവതാര പുരുഷന്മാർക്കു പോലും ഇത് സാദ്ധ്യമല്ല. അത്തരം നിരവധി പ്രവർത്തനങ്ങൾ ലോകം എത്രയോ തവണ കണ്ടു കഴിഞ്ഞു. ജനത വർഗ്ഗങ്ങളായും ജാതികളായും വേർതിരിഞ്ഞു നിന്നു നടത്തിയ കലാപങ്ങളും എത്രയോ നാം കണ്ടു. ഇതുവരെ ഈ ശക്തി കൾക്കൊന്നിനും ഭൂമിയെ കലാപമുക്തമാക്കുവാൻ കഴിഞ്ഞില്ലല്ലോ, ഇനി എന്താ നിവൃത്തി.

ജനങ്ങൾ കൈകോർത്ത് ജീവിക്കുവാൻ തുടങ്ങുക. ജീവിതത്തിലൂ ടെയല്ലാതെ നിയമത്തിലൂടെയോ അടിച്ചമർത്തലിലൂടെയോ സേവ നങ്ങളിലൂടെയോ സന്ധികളിലൂടെയോ നശീകരണ പ്രവണതകളെ ഇല്ലാതാക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ജീവിതത്തെ മണ്ണിൽ പണിയുമായി ചേർക്കണം. മനുഷ്യ ജീവിതത്തിൽ സ്വസ്ഥ തയും ആരോഗ്യവും കൈവരുത്തുവാനുള്ള നേർവഴി എല്ലാവരും കൃഷിപ്പണികളിൽ ഏർപ്പെടുകയാണ് ആരോഗ്യപ്രദമായ ഭക്ഷണം മണ്ണിലും സൂര്യപ്രകാശത്തിലുമാണിരിക്കുന്നത്. രാവിലെയും വൈകിട്ടും സകല സ്ത്രീ പുരുഷന്മാരും വെയിലു കൊണ്ട് മണ്ണിൽ ജോലി ചെയ്തു തുടങ്ങണം. കരയും ജലാശയങ്ങളും ശുചിയാ ക്കുവാനും കൃഷി സഹായിക്കും. വേണ്ടാത്തതെല്ലാം മണ്ണും മണ്ണി രയും ചേർത്ത് വളമാക്കിക്കൊള്ളും. നമുക്ക് രുചികരമായ നല്ല ഭക്ഷണം സമൃദ്ധമായി ലഭിക്കാൻ മണ്ണിൽ തൊട്ടാൽ മതി. എത്രവേ ഗമാണ് ഭൂമി ചുരത്തി തരുന്നത്. ചീര, പയർ രണ്ടിനങ്ങളും നാലാഴ്ച കൊണ്ട് നമുക്ക് ഉപയോഗിക്കാം. നെല്ലിനങ്ങൾക്ക് നാലു മാസ ത്തിൽ കൂടുതൽ വേണ്ട. വാഴയ്ക്ക് പത്തുമാസം എന്നാൽ നമുക്കീ അനുഗ്രഹങ്ങൾ അനുഭവിക്കുവാൻ ഇടവരാതിരിക്കുവാൻ വേണ്ട ബുദ്ധി സാത്താൻ പ്രയോഗിച്ചു കൊണ്ടിരിക്കുകയാണ്. നാം സാത്താന്റെ പിടിയിലമർന്നു പോയി. എങ്ങനെയാണ് അവൻ നമ്മെ കീഴടക്കിയത്. ഒന്നാമത് പണത്തിന്റെ രൂപത്തിൽ, രണ്ടാമത് അധി കാരത്തിന്റെ രൂപത്തിൽ, മൂന്നാമതെ ടി.വിയുടെയും ലഹരിയു ടെയും രൂപത്തിൽ. മൂന്നിനെയും നാം ആരാധിക്കുമ്പോൾ സാത്താൻ സന്തോഷിക്കുന്നു. നമ്മുടെ സകല നീക്കങ്ങളും ധനം ആർജ്ജിക്കുവാനും അല്പ രസത്തിനും സംഹാരത്തിനും ആയി പ്പോയി.

ആർക്കും സമയമില്ല. കുട്ടികൾക്കെല്ലാം സ്കൂളിൽപ്പോകണം. സ്കൂളിൽ പോയില്ലെങ്കിലും ട്യൂഷൻ ക്ലാസ്സിൽ പോയേ തീരൂ. സ്കൂളിനു മുൻപും സ്കൂളിനു ശേഷവും ഉണ്ട് ട്യൂഷൻ. അഭ്യസ്ത വിദ്യരായ യുവാക്കൾക്ക് പഠിപ്പിക്കണം. അവർ വളരെ നേരത്തെ തയ്യാറായി സ്കൂട്ടറിൽ വിവിധ ട്യൂഷൻ സെന്ററുകളിലേക്ക് പായുകയാണ്. ക്ലാസ്സദ്ധ്യാപകരും ട്യൂഷൻ മാസ്റ്ററന്മാരും കൊടുക്കുന്ന ഭാരിച്ച ജോലി വീട്ടിലിരുന്ന് രാത്രി ഇരുട്ടും വരെ ചെയ്താലും തീരില്ല. രക്ഷകർത്താക്കളോ ബന്ധുക്കളോ സഹായിച്ചില്ലെങ്കിൽ കുട്ടി തളർന്നു പോകും. എന്തൊരു മഹാപാപമാണ് വളർന്നു വരുന്ന പിഞ്ചുകളുടെ മേൽ നാം കെട്ടിവെയ്ക്കുന്നത്. ഈ വിദ്യാഭ്യാസം പോലെ ഭൂമിയെ നരകമാക്കുന്ന മറ്റൊന്നും ഇല്ലെന്ന് എനിക്കു തോന്നുന്നു. നമുക്കു പാതാളത്തിലേക്കുള്ള ശക്തമായ ഈ ആകർഷണങ്ങളിൽ നിന്ന് നമ്മെ രക്ഷപ്പെടുത്താനാവുമോ? ധന സമ്പാദനമല്ലാതെ വിദ്യാഭ്യാസത്തിന് മാനവ മൂല്യ വികസനവുമായി യാതൊരു ബന്ധവുമില്ലാതായിരിക്കുന്നു. ഈ കുട്ടികളും അധ്യാപകരും ചേർന്ന് ഭൂമിയിൽ പണി തുടങ്ങിയിരുന്നെങ്കിൽ സസ്യശ്യാമളയായി ഭൂമി പ്രശോഭിക്കുകയും 10 മാസം കൊണ്ട് ഭൂമിയിൽ നിന്ന് ദാരിദ്ര്യം ഒഴിവാകുകയും ചെയ്തേനെ.

ആരാധനാലയങ്ങളിലൂടെയാണ് സാത്താന്റെ രണ്ടാമത്തെ തന്ത്രം വരുന്നത്. സ്വകാര്യമാത്ര പ്രേരണ കൊണ്ട് തൻപൊലിമ കാട്ടുവാൻ ആഗ്രഹിക്കുന്ന ഭക്തജനങ്ങളെ കൊണ്ട് സർവ്വ ആരാധനാലയങ്ങളും നിറഞ്ഞു കൊണ്ടിരിക്കുന്നു. പാപ പ്രവൃത്തികളും സ്വകാര്യതയും വർദ്ധിക്കുന്നതിനനുസരിച്ച് ഈശ്വരങ്കലേയ്ക്കുള്ള തിരക്ക് വർദ്ധിച്ചു വരും. ശിഥിലീകരണ പ്രവണതയും അഹംഭാവവും വളർന്നു വരുവാൻ ആരാധനാലയങ്ങൾ കൂട്ടായിക്കൊണ്ടിരിക്കുന്നില്ലേ. മറ്റ് ആരാധനാലയങ്ങളേക്കാൾ കൂടുതൽ വരുമാനം തങ്ങളുടെ ദേവന് കിട്ടുന്നതിന് ബോധപൂർവ്വം ഭാരവാഹികൾ പണിപ്പെടുന്നു. വലിപ്പം, ആകർഷണീയത, ആശ്വാസപ്രദമായ ചടങ്ങുകൾ, ഉത്സവാഘോഷങ്ങൾ, അന്നദാനങ്ങൾ ഒക്കെ നടക്കുമ്പോഴും മനുഷ്യമനസ്സ് ആർദ്രമാകുവാനോ, വിശാലമാകുവാനോ ഇടയാകാതെ സൂക്ഷിക്കുന്നു. ദേവൻ ഭക്തജനങ്ങളെ അനുഗ്രഹിക്കുന്നു. ഭക്തജനങ്ങൾ ദേവനെ ആരാധിക്കുന്നു. അതേ സമയം ഭക്തജന

ങ്ങൾ തമ്മിൽ തിക്കുകയും ഉള്ളിൽ സ്പർദ്ധ പുലർത്തുകയും തുടരുന്നു. അന്യോന്യം സ്നേഹാദരങ്ങളോടെ, ജീവിക്കുവാനുള്ള പ്രേരണ ആരാധനാലയങ്ങൾ നൽകുന്നില്ല. ഞങ്ങളുടെ ആരാധനാലയമാണ്, ഞങ്ങളുടെ ഗ്രന്ഥമാണ് മറ്റേതിനേക്കാളും ശ്രേഷ്ഠം എന്ന് സ്ഥാപിക്കുവാനും, മറ്റെല്ലാം മോശമാണെന്നു സമർത്ഥിക്കുവാനും വ്യക്തിപരമായ ആശ്വാസം അനുഭവിക്കുവാനുമാണ് ആരാധനാലയങ്ങൾ ഇന്ന് ഏറെയും ശ്രദ്ധിക്കുന്നത്. ആരാധനാലയത്തിൽ വിശാലമനസ്കനായ ഒരു പുരോഹിതൻ മറ്റു മതങ്ങളെയോ ഗ്രന്ഥങ്ങളെയോ വാഴ്ത്തി എന്തെങ്കിലും പറഞ്ഞു പോയാൽ ഭക്തജനങ്ങൾ തന്നെ അതിനെ എതിർത്ത് നിരോധിക്കും. തങ്ങളുടേതിൽ നിന്ന് ഒരാൾ പോലും മറ്റേതിലേയ്ക്ക് വഴിതെറ്റിപ്പോകാതിരിക്കുവാനും മറ്റേതിൽ നിന്ന് കഴിയുന്നത്ര ഇങ്ങോട്ടുപോരുവാനും നാം അന്ധമായി ശ്രമിച്ചു പോരുന്നു. എല്ലാം നമ്മുടേതാണെന്നു തിരിച്ചറിയുന്നില്ല. അതിനു സാഹചര്യമൊരുക്കാതിരിക്കുന്നു. ഒരു പുരോഹിതൻ ആത്മാർത്ഥമായി സ്നേഹസന്ദേശം പ്രചരിപ്പിക്കാനിറങ്ങിയാൽ ഉടൻ മതപരിവർത്തനത്തിന്റെ മുദ്രകുത്തും. സർവ്വമത ഗ്രന്ഥങ്ങളും പ്രവാചകന്മാരും സർവ്വ ആരാധനാലയങ്ങളും മനുഷ്യനുള്ളതാണ് എന്ന സത്യം എത്രയോ മറയ്ക്കപ്പെട്ടിരിക്കുന്നു. ലോകത്തിന്റെ സർവ്വാധികാരങ്ങളും സർവ്വ സമ്പത്തും തങ്ങളുടെ കൈക്കുള്ളിലാക്കുന്നതിന് മതബോധത്തെ ഉപയോഗപ്പെടുത്തുവാൻ ചെകുത്താൻ ഓരോ കൂട്ടരേയും സദാ പ്രേരിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ഭീകരതത വർദ്ധിക്കുവാൻ ഈ പ്രേരണ ഫലപ്രദമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ഒന്നുകിൽ ലോകം ഞങ്ങളുടെ കയ്യിൽ അല്ലെങ്കിൽ ലോകമേ വേണ്ട ഞാനും പൊട്ടിത്തെറിച്ച് ചത്തുകൊള്ളട്ടെ എന്നാലും എന്റേതല്ലാത്തവരുടെ വംശനാശം വരുത്തണം ഇങ്ങനെ വിചാരിക്കുന്നവരെ ഭയപ്പെടുത്തി പിൻതിരിപ്പിക്കുവാൻ സാദ്ധ്യമല്ല. ഇതിനാണ് **മാരീചവിചാരം** എന്നു പറയുന്നത്. മരണസമയത്തും മാരീചൻ കൃത്രിമമായി നിലവിളിച്ച് സീതാപഹരണത്തിന് സാഹചര്യമൊരുക്കി. ലോകം മാരീച വിചാരത്തിലേയ്ക്ക് ദ്രുതഗതിയിൽ പാഞ്ഞുകൊണ്ടിരിക്കുകയല്ലേ.

ട്യൂഷൻ നിറുത്തണമെന്നോ, പള്ളിക്കൂടം ബഹിഷ്ക്കരിക്കണമെന്നോ, ആരാധനാലയങ്ങൾ അടച്ചുപൂട്ടണമെന്നോ, നോട്ടു

കത്തിക്കണമെന്നോ ദർശനം ആരോടും ആവശ്യപ്പെടുന്നില്ല. പകരം മൂന്നു കാര്യങ്ങൾ എല്ലാവരോടും ആവശ്യപ്പെടുന്നു. 1) എല്ലാവരേയും സ്വന്തമായി കരുതുക. മറ്റുള്ളവർ എനിക്കും ഞാൻ അവർക്കും ഉണ്ട് എന്ന ഭാവം ഓരോരുത്തരും സദാ ഉള്ളിൽ വളർത്തുക. 2) തൊട്ടടുത്ത വീട്ടുകാർ ദിവസേന ഒന്നിച്ചു കൂടുകയും കൂടി ആലോചിച്ചു ജീവിക്കുകയും ചെയ്യുക. 3) ഒന്നിച്ച് മണ്ണിൽ പണിചെയ്ത് പങ്കിട്ടു കഴിക്കുക. ഇവ മൂന്നും നമുക്ക് തുടങ്ങാവുന്നതേ ഉള്ളൂ. ഇവ മൂന്നും സാധന പോലെ ചെയ്തു തുടങ്ങിയാൽ സാവധാനം നാണയത്തിലുള്ള ഭ്രമം കുറഞ്ഞു വരും. അധികാരം ആവശ്യമില്ലാതാകും. പള്ളിക്കൂടവും ട്യൂഷനും ഉദ്യോഗവും ആരാധനാലയങ്ങളും എല്ലാം അന്യോന്യതയുടെ താളത്തിൽ വരും. ഭൂമിയിൽ പരസ്പരാനന്ദ ജീവിതം ആരംഭിക്കുക. നാം ഇത് ചെയ്യുമെങ്കിൽ നമുക്ക് ഭീകരരാവേണ്ടി വരില്ല. ഭൂമിയിലാകെ ഭീകര പ്രവർത്തനങ്ങൾ അവസാനിക്കും.

എന്തുകൊണ്ട് നാം ഈ വഴി ചിന്തിക്കുന്നില്ല. ഇത്രമാത്രം അറിവും അനുഭവവും ഉണ്ടായിട്ടും പരസ്പരം ഉള്ളടുപ്പത്തോടെ കൈകൊർക്കുവാൻ നമുക്ക് കഴിയുന്നില്ലല്ലോ. ഓരോ ഹൃദയവും മറ്റുള്ളവരിലേയ്ക്ക് ഒഴുകുന്നില്ലല്ലോ. മിത്രഭാവമാണ് പരിവർത്തനത്തിന്റെ അടിക്കല്ല്. ഭീകരരും നമ്മുടെ മിത്രങ്ങൾ തന്നെ. അവരെ ഭീകരരാക്കിയതിൽ നമുക്കും പങ്കില്ലേ. അവരുടെ നേരെയും മനസ്സ് കടുക്കാനനുവദിക്കരുത്. ദീർഘകാലത്തെ തെറ്റായ ജീവിത ശൈലികൾ കാരണം മനുഷ്യമനസ്സ് വക്രമായിപ്പോയി. ആരുടെ നേരെയും ആർക്കും ആദരവു പുലർത്താൻ കഴിയാതായിപ്പോയി. പരസ്പരാദരവാണ് പരസ്പരാനന്ദ ജീവിതത്തിനടിസ്ഥാനം. വെറുക്കപ്പെട്ടുപോയവരെ ഉള്ളുകൊണ്ട് സ്വന്തമാക്കാൻ സാധന ആരംഭിക്കണം. വെറുപ്പ് ഭീകരതയുടെ വിത്താണ്. അതു മനസ്സിൽ വളരാനനുവദിക്കരുതേ. മൈത്രീഭാവം ഭീകരതയുടെ മറുമരുന്നാണ്. ആരോടെങ്കിലും നമുക്ക് വെറുപ്പും വിദ്വേഷവും ഉണ്ടെങ്കിൽ നല്ലത്. ഈ മരുന്നു പ്രയോഗിക്കാൻ അത് ഒരവസരമാകുമല്ലോ. രോഗം ഭേദമാകുന്നതുവരെ ഈ ഒരേ ഒരു മരുന്ന് തുടരുക. ഇന്നു മുതൽ തന്നെ ഈ മൈത്രീവടകം കഴിക്കാനും കഴിപ്പിക്കാനും തുടങ്ങാം. നല്ല അനുഭവം ഉണ്ടാകും.

# കുറുപ്പു സാറിന്റെ ദർശനം-സാറുമായി ഒരു ദിനം

*പ്രിയമുള്ളവരേ, സ്മരണാഞ്ജലിയല്ലേ. ഡോ.കോട്ടുക്കൽ ശ്രീധരൻ എഴുതിയ ഒരു ഓർമ്മക്കുറിപ്പ് വായിച്ചുനോക്കാം. ഗാന്ധിയൻ സ്റ്റഡീസിൽ ഡോക്ടറേറ്റ് നേടിയ എൺപത്തിയഞ്ചു വയസുള്ള അദ്ദേഹമിപ്പോൾ അഞ്ചലിൽ താമസിക്കുന്നു.*

"മാനവ ജന്മം കൃതാർത്ഥമാകണമെങ്കിൽ
ദീനന്റെ കണ്ണുനീരൊപ്പുവാനൊരുങ്ങേണം"

ആ നല്ല കർമ്മം നിർവ്വഹിച്ച പുണ്യാത്മാക്കൾക്ക് വേറെ ജന്മം ഇനി എന്തിന്?

പങ്കജാക്ഷക്കുറുപ്പു സാറുമായി എനിക്ക് ഒരു ദിവസത്തെ കർമ്മപരിചയം മാത്രം. കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘമായിരുന്നു ആ ഒരു ദിവസത്തെ കർമ്മ പരിപാടി. "ലോകാസമസ്താ സുഖിനോ ഭവന്തുഃ" ലോകത്തുള്ള സർവ്വർക്കും സുഖം ലഭിക്കട്ടെ. ലളിത ജീവിതവും ഉദാത്ത ചിന്തയും ജീവിത വ്രതമാക്കിയ ആ മഹാത്മാവ് സമൂഹത്തിന് നല്ല ഒരു മാതൃകയായിരുന്നു.

ഞാൻ രാവിലെ ദീർഘയാത്ര നടത്തി അദ്ദേഹത്തിന്റെ സന്നിധിയിൽ എത്തി അന്നത്തെ പരിപാടി തുടങ്ങി. സഹപ്രവർത്തകരുമൊത്ത് കുറുപ്പ് സാർ ഭവനസന്ദർശനത്തിനിറങ്ങി. സ്നേഹം കൊണ്ട് അയൽക്കൂട്ടബന്ധം അരക്കിട്ടുറപ്പിക്കുന്നു. മാനുഷികധ്യാനവും കുശലങ്ങളും കഴിഞ്ഞ് സൃഷ്ടിപരപ്രവർത്തനങ്ങളിലേയ്ക്ക് കടക്കുന്നു. എല്ലാവരും കൂട്ടായി വീട്ടിൽ വെച്ചു ഊണു കഴിച്ചു.

വിശ്രമം കഴിഞ്ഞ് നീർക്കുന്നം ഭാഗത്തേയ്ക്കു തിരിച്ചു. ശത്രുമിത്രോദാസീന ഭേദഭാവം ഇല്ലാത്ത കുറുപ്പുസാറിന്റെ ശ്രേഷ്ഠജീവിതം ആർക്കാണ് ആനന്ദം പകരാത്തത്?

അധ്യാപകനായി ഔദ്യോഗിക ജീവിതാരംഭം വിദ്യാർത്ഥികൾക്കും സഹാധ്യാപകർക്കും മാതൃക പകർന്ന് അദ്ദേഹം സ്കൂളിന് യശ്ശസ്സു വർദ്ധിപ്പിച്ചു. ഏവർക്കും ആചാര്യനായി. പിന്നെ ഗ്രന്ഥശാലാ പ്രവർത്തനം അമ്പലപ്പുഴയിൽ പണിക്കർ സാറുമൊത്തായി. രാഷ്ട്രപിതാവിനെ നേരിൽക്കണ്ട ആ ഗാന്ധിശിഷ്യൻ വേഷത്തിൽ മാത്രമല്ല, ഭാവത്തിലും ഒരു ഗാന്ധിയനായി. മഹാത്മാക്കൾ ചിന്ത

യിലും ജീവിതത്തിലും ലളിതാത്മാക്കളായിരിക്കും. ഈ സത്യാന്വേഷികളെ അനുകരിക്കാൻ നാം ശ്രമിക്കണം. തത്ത്വദീക്ഷയും, ധാർമ്മികതയും, സ്വഭാവശുദ്ധിയും ചോർന്ന് ധൂർത്തും, അഹങ്കാരവും കാപട്യവും കൈമുതലാക്കിയ പുത്തൻ സമൂഹത്തിന് കുറുപ്പുസാറിന്റെ ദർശനം ഒരു രക്ഷാമാർഗ്ഗമാണ്. സാറിന്റെ ഈ വാക്കുകൾ എല്ലാവരും മനഃപ്പാഠമാക്കേണ്ടതാണ് - ഓരോ പ്രഭാതവും ഏവർക്കും വേണ്ടി വിടർന്നുവരുന്നു. ഏവർക്കും വേണ്ടി മേഘം മാരി ചൊരിയുന്നു. ഓരോ പൂവും ഏവർക്കും വേണ്ടി വിടർന്ന് സുഗന്ധം പകരുന്നു. ജീവജാലങ്ങൾ എല്ലാം ഈ ആനന്ദം അനുഭവിക്കുന്നു. എന്റെ മിത്രങ്ങളേ, നമുക്കു മാത്രം ഏകാത്മക ബോധാനന്ദം നിഷേധിക്കപ്പെട്ടു പോയല്ലോ. എന്തിനീ വിദ്യാഭ്യാസം? എന്തിനീ നാമജപം? തെരഞ്ഞെടുപ്പ്? എന്തിനീ ഭരണം? ഇവിടെ ഉടനടി നടക്കേണ്ടത് ഒരു വെൽഡിംഗ് പ്രവർത്തനം ആണ്. നാം പരസ്പരം കണ്ണിചേർന്ന് ഒരു മാനവസമൂഹം ആകാൻ തയ്യാറാകണം. പരസ്പരാനന്ദമായി കഴിയാൻ നാം സ്വയം യത്നിക്കണം.

ഗാന്ധിജിയുടെ ഹരിജൻ മാസിക പോലെയാണ് സാറിന്റെ ദർശനം മാസിക സമൂഹത്തിന്റെ അടിത്തട്ട് തൊട്ട് ഉച്ചതലം വരെയുള്ള ഏവരുടെയും സർവ്വതോന്മുഖമായ വികാസം ബാപ്പുജി സ്വപ്നം കണ്ടു ലോകത്തെ സർവ്വരും അന്യോന്യസ്നേഹാനന്ദത്തിൽ കഴിയാൻ നിരന്തര പ്രയത്നമാണ് തന്റെ ഹ്രസ്വമല്ലാത്ത സമർപ്പണ ജീവിതം കൊണ്ട് കുറുപ്പുസാറും സാധിച്ചത്.

ഡി. പങ്കജാക്ഷക്കുറുപ്പ് സാറിന്റെ പാവനസ്മരണയ്ക്കു മുന്നിൽ ഞാൻ എന്റെ ശിരസ്സ് നമിക്കട്ടെ.

*ഡോ.കോട്ടുക്കൽ ശ്രീധരൻ. 0475 2273190*

---

# കൊച്ചു വർത്തമാനങ്ങൾ

**"കാണികൾ നമ്മൾ എന്തറിയുന്നു"** എന്തൊക്കെയോ മനസ്സിൽ തോന്നുന്നു അതു കുറിക്കുന്നു. സത്യമാണോ എന്നറിഞ്ഞു കൂട. കൊള്ളാവുന്നത് വല്ലതും കിട്ടിയാൽ വായനക്കാർ സ്വീകരിച്ചു കൊള്ളുക.

നമുക്കുണ്ടാകുന്ന നേട്ടങ്ങൾ വിദ്യാഭ്യാസം, ജോലി, കുടുംബം, സാമ്പത്തികം, ആരോഗ്യം എല്ലാം നമ്മുടെ പരിശ്രമഫലമായി

നേടിയെടുത്തതായി നാം കരുതുന്നു. കോട്ടങ്ങൾ സംഭവിക്കുമ്പോൾ അത് മറ്റാരുടെയെങ്കിലും തലയിൽ കെട്ടിവെയ്ക്കുന്നതാണ് നമ്മുടെ സ്വഭാവം. ഇത് പ്രശ്നങ്ങളെ കുറേക്കൂടി ഗുരുതരമാക്കും. നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും നാം തന്നെയാണ് ഉത്തരവാദി എന്ന സത്യം മനസ്സിലേയ്ക്ക് നോക്കി തിരിച്ചറിയണം. എന്നിട്ട് പരിഹാരത്തിനായി പരിശ്രമിക്കുകയാണ് ഉത്തമമാർഗ്ഗം.

ആരോഗ്യ സംരക്ഷണ മേഖലയിൽ പോലും മനുഷ്യന് എന്തെങ്കിലും രോഗങ്ങൾ ഉണ്ടായാൽ അവയുടെ യഥാർത്ഥ കാരണമായ ഭക്ഷണ തകരാറിനെയോ, മാനസിക സമ്മർദ്ദത്തെയോ വിസ്മരിച്ച് അണുക്കൾ, കൊതുക്, എലി, പക്ഷികൾ, കുരങ്ങ് എന്നിവയുടെ നേരെ കുറ്റാരോപണം നടത്തുന്നു. ശരീരത്തിൽ മാലിന്യങ്ങൾ കുന്നുകൂടുമ്പോഴാണ് രോഗാവസ്ഥ ഉണ്ടാകുന്നത്. അപ്പോൾ അതിന് അനുസൃതമായ അണുക്കളും വന്നു തുടങ്ങും. അതിന് അവയെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ആരോഗ്യകരമായ ജീവിതം നയിക്കുക, യുദ്ധമൊന്നും കൂടാതെ അണുക്കൾ അവയുടെ പാട്ടിന് പോകും. അണുക്കളുമായുള്ള പോര് നമ്മുടെ ആരോഗ്യം തകർത്ത് നമ്മെ നിത്യ രോഗികളാക്കുന്നു. രുചിയുടെ പുറകേ പോയി വേണ്ടാത്തതൊക്കെ തിന്നിട്ട് രോഗം വരാതിരിക്കുവാൻ മരുന്ന് കഴിച്ചാലൊന്നും ആരോഗ്യം സംരക്ഷിക്കാനാവില്ല. നേരേചൊവ്വേ ജീവിക്കുകയല്ലാതെ പ്രശ്ന പരിഹാരത്തിന് കുറുക്കുവഴികളൊന്നുമില്ല. ഒറ്റമൂലികളുമില്ല. ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന ഒരു മിത്രത്തോട് ഒരിക്കൽ ചോദിച്ചു "ആട്ടെ സുഹൃത്തെ, ഈ പ്രതിരോധ പ്രവർത്തനങ്ങളും, ബോധവത്ക്കരണവുമൊക്കെ നടത്തുമ്പോൾ രോഗങ്ങൾ കുറയുകയാണോ കൂടുകയാണോ?" കൂടുകയാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത് എന്നായിരുന്നു ഉത്തരം. താളം തെറ്റിയിരിക്കുന്നു എന്ന സത്യം നിഷേധിക്കാനാവില്ല.

വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ് ഭക്ഷണത്തകരാറു കൊണ്ട് ശരീരം രോഗ ഗ്രസ്തമാകുമ്പോലെ മനസ്സിലെ ചിന്തകളുടെ താളം തെറ്റിയാൽ അത് നമ്മെ തെറ്റായ പ്രവർത്തികളിലേയ്ക്ക് നയിക്കും. അപ്പോൾ രോഗാണുക്കൾ ശരീരത്തിലേയ്ക്ക് കടക്കുമ്പോലെ ദുരിതങ്ങൾ നമ്മുടെ ജീവിതത്തിലേയ്ക്ക് കടന്നു വരും. ദൈവമേ എന്നെ രക്ഷിക്കൂ എന്നു പറഞ്ഞ് ദേവാലയങ്ങളിലേയ്ക്ക്

ഓടിയാലൊന്നും നാം രക്ഷ പ്രാപിക്കുകയില്ല. നാം തന്നെ നമ്മുടെ രക്ഷാമാർഗ്ഗം കണ്ടെത്തണം. ദൈവവിശ്വാസം അതിന് സഹായകരമാകും. സ്വന്തം മനസ്സിൽ അടിഞ്ഞു കിടക്കുന്ന അഹങ്കാരം, വെറുപ്പ്, സ്വാർത്ഥത എന്നീ ഹീന വാസനകളെ അകറ്റി മനസ്സിനെ ശുദ്ധി ചെയ്യുക. ഈ ലോകത്തെ സ്നേഹപൂർവ്വം വീക്ഷിക്കുക. കഴിയുന്ന സേവനം ചെയ്ത് സന്തോഷമായിരിക്കുക. എല്ലാ ജീവിത സാഹചര്യങ്ങൾക്കും ക്ഷമയോടെ നന്ദി പറയുക. അതിലേക്കായി ഒരു യാത്രാ വിവരണം.

## പൂന്തേനരുവി

സഹോദരി രമയുടെ മകൻ ശബരീഷ് ബി.ടെക് കഴിഞ്ഞ് തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ ജോലി ചെയ്യുന്നു. വിവാഹാലോചനയുമായി ബന്ധപ്പെട്ട് ഈയിടെ എരുമേലി വരെ പോയി. ശബരിയും അവന്റെ സഹോദരീഭർത്താവ് രാജീവും ഞാനും അനന്തിരവനായ കണ്ണനുമായി അവന്റെ വണ്ടിയിലാണ് പോയത്. ദുർഘടമായ യാത്രയ്ക്കൊടുവിൽ എരുമേലിയിൽ പെൺകുട്ടിയുടെ വീട്ടിലെത്തി. കുട്ടിയെ കണ്ടു എന്നാൽ, കരിമല കയറ്റം കഠിനമെന്റയ്യപ്പാ എന്ന് പറയുമ്പോലെ അമ്പലപ്പുഴയിൽ നിന്നും ഈ വീട്ടിലെത്തുക വളരെ കഷ്ടപ്പാടാണ് എന്ന് യാത്ര കൊണ്ടാണ് ഞങ്ങൾക്ക് മനസ്സിലായത്. തിരുവല്ല-കോഴഞ്ചേരി-റാന്നി വഴി വെച്ചൂച്ചിറയ്ക്ക് വിജനമായ റോഡിലൂടെയുള്ള യാത്ര ഞങ്ങളെ ആകെ തളർത്തിയിരുന്നു. ഞായറാഴ്ച കടകളൊന്നും അവിടെ തുറക്കാറില്ല. പെണ്ണുകാണാൻ ചെന്ന ഞങ്ങൾക്ക് വിശപ്പു കൊണ്ട് നല്ലതുപോലെ പെണ്ണിനെ കാണാൻ പോലും സാധിച്ചില്ല. അകലം കൊണ്ട് ഞങ്ങൾ ഈ ഉദ്യമം ഉപേക്ഷിച്ച് വീട്ടുകാരെ വിവരം യഥാതഥാ അറിയിച്ചു. ഈ സംരംഭത്തിൽ തെറ്റുപറ്റിയത് ഞങ്ങൾക്കാണ്.

ഉത്സാഹത്തോടെ പോയ ഞങ്ങൾ നിരാശയോടെ തിരിച്ചു പോന്നു. എന്നാൽ വെച്ചൂച്ചിറയ്ക്ക് പോയ വഴി ഞങ്ങൾ ഒരു ബോർഡ് ശ്രദ്ധിച്ചിരുന്നു. പെരുന്തേനരുവി വെള്ളച്ചാട്ടം 2 കി.മി. വന്ന കാര്യമൊക്കെ മറന്ന് കണ്ണൻ വണ്ടി നേരെ വെള്ളച്ചാട്ടത്തിനരികിലേയ്ക്ക് വിട്ടു. തീരത്ത് വണ്ടിയിട്ട് ഞങ്ങൾ നേരെ ആറ്റിൽ ഇറങ്ങി കുളിച്ചു. നദീതടത്തിൽ കൂറ്റൻപാറക്കല്ലുകൾ ഉയർന്നു നിൽക്കുന്നു അതിലൂടെ തട്ടിത്തട്ടി വരുന്ന ജലം കുത്തിയൊഴുകി

വിശാലമായ ജലാശയം തീർത്തിരിക്കുകയാണിവിടെ. കണ്ട് ആന ന്ദിക്കുവാനും നീന്തിതുടിക്കുവാനുമുള്ള പ്രകൃതിയുടെ വരദാനം. അൽപ്പം മുകളിലായി ഡാമിന്റെ പണി നടക്കുന്നുണ്ട്. ഉയർന്ന പാറ ക്കെട്ടുകളിൽ കയറി നിന്നാൽ പ്രകൃതി ഭംഗി ആസ്വദിക്കാം. മഴക്കാ ലത്ത് വെള്ളം കുത്തിയൊലിച്ച് പാറക്കെട്ടുകളിൽ ഇടയ്ക്കിടെ വലിയ സുഷിരങ്ങൾ രൂപപ്പെടാറുണ്ട്. ഇവിടെ തേനിച്ചകൾ സുര ക്ഷിതമായി കൂടു കൂട്ടുന്നു. പാറക്കെട്ടുകൾക്ക് ഉള്ളിലായതിനാൽ ആർക്കും തേനെടുക്കാനാവില്ല. നമ്മുടെ തേനീച്ചകളേക്കാൾ ഇവ വലിപ്പം കൂടിയവയാണ്. കട്ടികൂടിയ ഗുണമേന്മയേറിയ തേൻ. ഇതിന് പെരുംതേൻ എന്ന് പറയുന്നു. അങ്ങിനെയാണ് ഈ അരുവിക്ക് പെരുന്തേനരുവി എന്ന് പേരുണ്ടായത്.

ഞങ്ങൾ നാലുപേരും അരുവിയിൽ നീന്തി രസിച്ചു. എന്നോ ടൊപ്പം ശബരിയും രാജീവും ഉണ്ടെങ്കിലും അവരെ ഓർത്ത് എനിക്ക് ഭയമില്ല. എന്നാൽ കണ്ണൻ നീന്തുന്നതും പാറമേൽ പിടിച്ച് ഉയര ങ്ങളിലേയ്ക്ക് കയറുന്നതുമെല്ലാം ഞാൻ ജാഗ്രതയോടെ നോക്കി നിന്നു. വീഴ്ച ഒന്നും പറ്റരുതേ എന്ന പ്രാർത്ഥനയോടെ. അവന് നന്നായി കയറാനാവുന്നില്ല എന്നാൽ  സാഹസിക വിനോദങ്ങൾക്ക് തന്നെക്കാൾ ആയിരമിരട്ടി താൽപര്യമുണ്ട്. ആ താത്പര്യം ആകാ ശത്തോളമുയർന്നപ്പോൾ അവനൊരു വലിയ അപകടമുണ്ടായി. ഈ പാറപ്പുറത്തിരുന്ന് ദർശനത്തിലേയ്ക്ക് ആ വിവരങ്ങൾ പറയാം.

## പറന്നു പറന്ന്

നാരായണന്റേയും പ്രഭയുടെയും മൂത്തമകനാണ് കണ്ണൻ. ബി. ടെക് കഴിഞ്ഞ് ദുബായിൽ ഒരു അമേരിക്കൻ കമ്പനിയിൽ നല്ല ജോലി കിട്ടി. ഇഷ്ടം പോലെ ശമ്പളം. വീട്ടിൽ സാമ്പത്തിക ബുദ്ധിമുട്ടില്ല. നിഷ്കളങ്കനായ അവന് ഗൗരവബുദ്ധി അശേഷമില്ല. കയ്യിൽ വരുന്ന പണം ചോദിച്ചവർക്കൊക്കെ ഇഷ്ടം പോലെ കൊടുത്തു. ഇടവേള കളിൽ അതിസാഹസിക വിനോദങ്ങളിൽ ഏർപ്പെട്ടു. സമുദ്രത്തിന ടിയിൽ പോയി നീന്താനും പർവ്വതാരോഹണത്തിനും പാരാഗ്ലൈഡിം ഗിനും പണം ധൂർത്തടിച്ചു. നാരായണന്റെ വിലക്കുകളൊക്കെ ചിരിച്ചു മയക്കി തട്ടിത്തെറിപ്പിച്ച് അവൻ ആകാശത്തു ഗ്ലൈഡർ വിമാനത്തിൽ പരുന്തിനെ പോലെ പറന്നു രസിച്ചു. അങ്ങിനെ ഒരു

പരിപാടിക്ക് ദുബയിൽ നിന്നും കിർഗിസ്ഥാനെലെത്തി (പഴയ സോവ്യയറ്റ് റഷ്യയിൽ). കുന്നിൻ മുകളിൽ നിന്നും ഗ്ലൈഡറിൽ പാരച്യൂട്ട് നിവർത്തി കാറ്റിനെ ആശ്രയിച്ച് ആകാശത്തിലൂടെ അങ്ങിനെ പറക്കാൻ തുടങ്ങി. എന്നാൽ വിധി അത് അനുവദിച്ചില്ല. പെട്ടെന്നാണത് സംഭവിച്ചത്. കാറ്റത്ത് ഒരു മുൾച്ചെടിയുടെ കതിരു പോലുള്ള ചെറിയ കമ്പ് പറന്നു വന്ന് പാരച്യൂട്ടിന്റെ കമ്പികളിൽ ഉടക്കി അതിന്റെ ഗതി തെറ്റിച്ചു. കണ്ണൻ നോക്കിയപ്പോൾ വഴിമാറി പോകുന്നത് കുന്നിൻ മുകളിലൂടെ പോകുന്ന വൈദ്യുതി ലൈനിന് നേരെയാണ്. തിടുക്കത്തിൽ പാരച്യൂട്ട് നിയന്ത്രിക്കാൻ ശ്രമിച്ചപ്പോ ഴേക്കും അത് ചുരുങ്ങുവാൻ തുടങ്ങി. ചുരുങ്ങി ചുരുങ്ങി അത് വേഗത്തിൽ ഭൂമിയിലേക്ക് വന്ന് പതിച്ചു. താഴെ വീഴും മുമ്പ് പാര ച്യൂട്ട് അൽപ്പം ഒന്ന് വിടർന്നത് ഭാഗ്യം. പക്ഷേ നട്ടെല്ലിന് സാരമായ ഒടിവ് പറ്റി. ചലിക്കാൻ പറ്റാതെ കുന്നിൻ ചരിവിൽ ജഡായുവിനെ പോലെ അവൻ കിടന്നു.

സ്ഥലം മനസ്സിലാക്കി കൂട്ടുകാരെത്തി അടുത്തുള്ള ആശുപ ത്രിയിൽ എത്തിച്ചു. എന്നാൽ കിർഗിസ്ഥാനിൽ നട്ടെല്ലിന് ഓപ്പറേ ഷൻ നടത്താൻ പറ്റിയ ആശുപത്രികൾ ഉണ്ടായിരുന്നില്ല. വിമാന ത്തിൽ കണ്ണനെ കയറ്റാനാവാത്ത വിധം അവൻ കിടപ്പിലായിരുന്നു. വിവരങ്ങളറിഞ്ഞ് കുടുംബാംഗങ്ങൾ കണ്ണീരിൽ മുങ്ങി. കണ്ണന്റെ ഭാര്യ ദുബയിൽ ഉണ്ടായിരുന്നു. രക്ഷാമാർഗ്ഗം തേടി അവർ അല ഞ്ഞു. ഫോൺ വിളികൾ, പ്രാർത്ഥനകൾ അതിനൊടുവിൽ ദുബയിൽ നിന്നും ഒരു എയർ ആംബുലൻസ് കണ്ണനെ കൊണ്ടു വരുവാനായി കിർഗിസ്ഥാനിലേയ്ക്ക് പറന്നു. അനങ്ങാൻ പോലും കഴിയാതെ ആശുപത്രി കിടക്കയിൽ കിടന്ന കണ്ണനെ ഒരു എയർബെ ഡ്ഡിൽ കിടത്തി കാറ്റടിച്ച് വീർപ്പിച്ച് വരിഞ്ഞു കെട്ടി നിശ്ചലനാക്കി എയർ ആംബുലൻസിൽ ദുബായ് ആശുപത്രിയിൽ എത്തിച്ചു. ഒന്നേ കാൽ കോടി രൂപയാണ് എയർ ആംബുലൻസ് ചാർജ്ജ്. കേടായ രണ്ട് കശേരുക്കൾ മാറ്റി സ്റ്റീൽ ഒക്കെ ഫിറ്റ് ചെയ്ത് ഒരുവിധം രക്ഷപെടുത്തി. ഇശ്വരോ രക്ഷിതു! ചിലവുകൾ അമേരിക്കൻ കമ്പനി വഹിച്ചു. അവർക്ക് നമസ്കാരം. എങ്കിലും ദീർഘമായ അവധി കാരണം ജോലിയിൽ തുടരാനായില്ല. നാട്ടിൽ വന്ന് ആയുർവ്വേദ ചികിത്സ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനിടയിലാണ് വെള്ള ച്ചാട്ടത്തിലെ കുളി. അവന് നല്ല അടി കൊടുക്കേണ്ടതാണ്, ഇങ്ങോട്ട്

കൊണ്ടുവന്നവർക്കും.

തിരക്കില്ലെങ്കിൽ നമ്മുടെ പാറപ്പുറത്തെ പുരാണം അൽപ്പം കൂടി തുടരാം. മനുഷ്യനെപ്പോഴും പഠനമോ ജോലിയോ മാത്രമായി കഴിയാനാവില്ല. വ്യായാമം, വിനോദങ്ങൾ, യാത്രകൾ എന്നിവ അനിവാര്യമാണ്. എന്നു കരുതി വിനോദത്തിന് മാത്രമല്ലല്ലോ ജീവിതം. നാം ആരാണ്? എന്താണ് ജീവിതലക്ഷ്യം? എന്നെല്ലാമുള്ള ധാരണകളും ഉണ്ടായിരിക്കണം. അല്ലെങ്കിൽ മൃഗങ്ങളും നമ്മളും തമ്മിൽ എന്താണ് വ്യത്യാസം? മൃഗങ്ങൾക്ക് പുറമേയുള്ള കാര്യങ്ങളിൽ മാത്രമാണ് ശ്രദ്ധ. മനുഷ്യനും ഇപ്പോൾ അങ്ങനെ ആയിരിക്കുന്നു. "പശ്യനപിചന പശ്യതിമൂഢ" കാണുന്നതിന്റെ പൊരുളറിയാതെ കാണുന്നവൻ മൂഢനാകുന്നു. കണ്ണന്റെ പാരച്യൂട്ടിൽ വന്ന് ഉടക്കി അവനെ ഉരുട്ടിയിട്ട ചുള്ളിക്കമ്പ് യാദൃശ്ചികമായി കാറ്റത്ത് പറന്നു വന്നതാണെന്ന് തോന്നാം എന്നാൽ അത് സത്യമാണോ? നമുക്കൊന്ന് പരിശോധിക്കാം.

## ഭവിഷ്യത് ചിന്ത

ഈ ലോകവും ഇവിടെ നടക്കുന്ന സംഭവങ്ങളും വ്യവസ്ഥാപിതമായാണ് നടക്കുന്നത് അല്ലെന്ന് തോന്നുന്നുവെങ്കിൽ ആ ധാരണ തെറ്റാണെന്ന് ഗീതാകാരൻ വ്യക്തമായി പറയുന്നു. നാം എന്ത് പ്രവൃത്തി ചെയ്യുമ്പോഴും അതിന്റെ ഭവിഷ്യത്തിനെക്കുറിച്ച് ധാരണ ഉണ്ടായിരിക്കണം. നാം എവിടെ പോയാലും നമ്മുടെ മാതാപിതാക്കൾ, സഹോദരീസഹോദരന്മാർ, ഭാര്യ-ഭർത്താവ്, കുട്ടികൾ എന്നിവരെക്കുറിച്ച് ഒരു ഓർമ്മ വേണം. ഈ ഭൂമിയിൽ നമ്മളോടൊത്ത് കഴിയുന്നവർ, നമ്മെ സ്നേഹിക്കുന്നവർ അവർക്ക് വേദനയുണ്ടാക്കുന്ന ഒരു കർമ്മവും ചെയ്യരുത്. പൊന്നമ്പല മേട് കാണാൻ പണ്ട് കാട്ടിൽ കൂട്ടരുമൊത്ത് പോയിരുന്നു. ഉൾവനങ്ങളിലെ യാത്രകളിൽ കടിഞ്ഞാണിട്ടിരുന്നത് ഈ ഭവിഷ്യത് ചിന്തയാണ്. ഞങ്ങളിലൊന്നിനെ പുലി കൊണ്ടുപോയാൽ വീട്ടുകാരുടെ അവസ്ഥ എന്തായിരിക്കും എന്ന് ഓർക്കുമ്പോൾ ഒരു നിയന്ത്രണം ഉണ്ടാകും. അതി സാഹസികതയ്ക്കും അരുതാത്തതിനും പിന്നെ പോകുകയില്ല. ഈ ഒരു ചിന്തയുണ്ടെങ്കിൽ ഒരാളും ആത്മഹത്യ ചെയ്യുകയില്ല. ആനയുമായി സെൽഫിയെടുക്കുകയില്ല. ക്യാമറയുമായി പുലിക്കൂട്ടിൽ കയറില്ല. പുലിമുരുകനൊക്കെ സിനിമയാണ് ജീവിതമല്ല. നാം ഇന്ന് സമൂഹ

ത്തിൽ കാണുന്ന ദുരന്തങ്ങൾ നടൻ ദിലീപിന്റേതുൾപ്പെടെ ഭവിഷ്യത്തിനെക്കുറിച്ച് ചിന്തിക്കാതെ വികാരങ്ങൾക്ക് അടിമപ്പെട്ട് കർമ്മങ്ങളിൽ ഏർപ്പെട്ടതിന്റെ ഫലമാണ്. നാമെല്ലാം സദാ ജഗദീശ്വരന്റെ നിരീക്ഷണത്തിലാണെന്ന ഓർമ്മവേണം. നമ്മുടെ നിരീക്ഷണക്യാമറ നമുക്ക് പ്രാധാന്യം തോന്നുന്ന കേന്ദ്രങ്ങളിൽ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ജഗദീശ്വരന്റെ നിരീക്ഷണം പ്രപഞ്ചമാകെ ആകാശം പോലെ വ്യാപിച്ചിരിക്കുന്നു. നാം ധർമ്മത്തെ രക്ഷിച്ചാൽ ധർമ്മം നമ്മെയും രക്ഷിക്കും. അമ്മ പുത്‌ലീഭായിയെക്കുറിച്ചുള്ള ഓർമ്മകളും അമ്മയ്ക്ക് കൊടുത്ത വാക്കുമാണ് വിദേശത്ത് പോയ ഗാന്ധിയെ മദ്യത്തിൽ നിന്നും മദിരാക്ഷിയിൽ നിന്നും രക്ഷിച്ചത്.

## ശാന്തിമാർഗ്ഗം

പ്രകൃതിയിലെ സകല ചരാചരങ്ങളും പരസ്പരാശ്രയത്തിലാണ് നിലകൊള്ളുന്നത്. എല്ലാം താളത്തിലാകുമ്പോഴാണ് സന്തോഷപൂർണ്ണമായ ഒരു ജീവിതം സാധ്യമാകുന്നത്. ഈ താളം തെറ്റിക്കുന്നത് മനുഷ്യൻമാത്രമാണ് ജീവരാശികളൊന്നുമല്ല. നാം സ്വന്തം വീടിനെക്കുറിച്ച് മാത്രം ചിന്തിച്ചാൽ പോരാ. ഈ ലോകമെന്ന തറവാടിനെ കുറിച്ചും ചിന്തിക്കണം. ഈ പ്രകൃതിയുമായി നമുക്കൊരു ആന്തരിക ബന്ധമുണ്ട് നമ്മുടെ ശരീരവും അവയവങ്ങളും പോലെ. നമ്മെപ്പോലെ ജീവിക്കാൻ കൊതിക്കുന്ന അതിന് കഴിയാത്ത എത്രയോ പേർ ഈ ഭൂമിയിൽ പാർക്കുന്നു. അവരെക്കുറിച്ചുള്ള ഒരു ബോധം നമുക്കുണ്ടായിരിക്കണം. കൈവരുന്നതിന്റെ ഒരു പങ്കിന് അവരും അർഹരാണ്. ഈ ഭൂമി അവരുടേതും കൂടിയാണ്. ഈ ആശയം വലിയ ഭൂ ഉടമകളോട് പറഞ്ഞാണ് ഭൂദാനപ്രസ്ഥാനത്തിലൂടെ വിനോബാഭാവെ 42 ലക്ഷം ഏക്കർ ഭൂമി സമാഹരിച്ച് സാധുക്കൾക്ക് വിതരണം ചെയ്തത്. ഒരിക്കൽ മഹാത്മജിയുടെ ആശ്രമത്തിൽ കുട്ടികൾക്കായി ക്രിക്കറ്റ് കളി തുടങ്ങാൻ ആലോചനയുണ്ടായി. അന്ന് വിനോബ പറഞ്ഞു നമുക്ക് ആശ്രമത്തിൽ ധാരാളം പണിയുണ്ട് പഠിക്കാനുണ്ട്. ഒരണയുടെ (1/16 രൂപ) ഒരു പന്തും ഒരു കൊള്ളിയും ഉണ്ടെങ്കിൽ നമുക്ക് പന്ത് കളിക്കാം. വിനോദവും വ്യായാമവുമായി വെറുതെ ചെലവേറിയ ഈ ക്രിക്കറ്റ് കളി ഇപ്പോൾ നമുക്ക് ആവശ്യമില്ല.

ഇന്ന് കാലം മാറി സ്വാതന്ത്ര്യം നേടി എങ്കിലും നാം നമ്മുടെ മനസ്സിന്റെ അടിമകളാണ്. സ്വയം മറന്ന് സുഖഭോഗങ്ങളുടെ പുറകേ പോകരുത് പ്രകൃതി നല്ല ശിക്ഷ തരും. ഈ ലോകം നിർജ്ജീവമല്ല. പ്രപഞ്ചം മുഴുവൻ ജീവചൈതന്യം വ്യാപിച്ചിരിക്കുന്നു. നമ്മുടെ ഉള്ളിലും അത് കുടികൊള്ളുന്നു. മനുഷ്യന്റെ ഏറ്റവും വലിയ പരിമിതി അവനിതൊന്നും തിരിച്ചറിഞ്ഞു കൂട എന്നുള്ളതാണ്. ദേഹബോധത്തിനപ്പുറത്തേക്ക് ഉണരാനാവുന്നില്ല. ഈ പ്രപഞ്ചത്തെ രണ്ടായി വിഭജിക്കാം. ഞാനും ഞാനല്ലാത്തതും. ഞാനല്ലാത്ത ഈ പ്രപഞ്ചം മുഴുവൻ കണ്ടു നടന്നാലും എന്തെല്ലാം സുഖഭോഗങ്ങൾ അനുഭവിച്ചാലും ആകാശം ചുരുട്ടി കക്ഷത്ത് വെച്ചാലും സ്വയം അറിഞ്ഞില്ലെങ്കിൽ ശാന്തി അനുഭവിക്കാനാവില്ല. കുരങ്ങിനേക്കാൾ വലിയ ചാട്ടക്കാരനാണ് നമ്മുടെ മനസ്സ്. കുരങ്ങ് അടുത്തുള്ള വൃക്ഷശിഖരങ്ങളിൽ മാത്രം ചാടുമ്പോൾ മനസ്സ് വർത്തമാന കാലത്തിൽ അടങ്ങിയിരിക്കാതെ ഭൂതകാലത്തിലേക്കും അവിടെ നിന്നും ഭാവികാലത്തേക്കും ചാടുന്നു. മനസ്സിന്റെ പിന്നാലെ പോയാൽ നാം വേണ്ടാത്ത കുണ്ടുകളിൽ ചെന്ന് ചാടാൻ ഇടയാവും. സർവ്വാബദ്ധങ്ങളായ തീരുമാനങ്ങൾ പൂർണ്ണ ശരിയാണെന്ന് കരുതി നടപ്പിലാക്കുന്ന സ്വഭാവം മനസ്സിനുണ്ട്. ജാഗ്രത! ആനന്ദം നമ്മുടെ ഉള്ളിലുണ്ട് ഇത് ബോധ്യമാവാൻ ലോകം ചുറ്റിത്തിരിയണമെന്നില്ല. രാവിലെയും വൈകിട്ടുമിരുന്ന് മാനുഷിക ധ്യാനമോ ഇഷ്ടമുള്ള തരത്തിലുള്ള ധ്യാനമോ നടത്തുക. ഈ ലോകത്തോടുള്ള നമ്മുടെ കടമകൾ ശരിയായി നിർവ്വഹിക്കുമ്പോഴാണ് നമുക്ക് സുഖമുണ്ടാവുന്നത്. പ്രകൃതി സദാ നൽകി കൊണ്ടേയിരിക്കുന്നു. മനുഷ്യൻ പ്രകൃതിയോട് ക്രൂരത കാട്ടി കൊണ്ടേയിരിക്കുന്നു. അതിൻ ഫലമായി അച്ഛൻ പറഞ്ഞതു പോലെ ഒരു കാക്കക്കൂട്ടിലെ സന്തോഷം പോലും കിട്ടാനാവാതെ മനുഷ്യൻ ദുഃഖിക്കുന്നു. വീടുകൾ അസ്വസ്ഥമേഖലകളാകുന്നു, ആത്മഹത്യകൾ പെരുകുന്നു, ആശുപത്രികൾ വളരുന്നു, രോഗികൾ കൂടുന്നു. എന്നാലും പ്രതീക്ഷ കൈവെടിയരുത്. എത്ര സുന്ദരമാണീ ഭൂമി. ഇത് സ്വർഗ്ഗമാക്കുന്നതും നരകമാക്കുന്നതും നമ്മുടെ മനസ്സ് തന്നെ. വർത്തമാനം പറഞ്ഞ് നേരം പോയതറിഞ്ഞില്ല. ഞങ്ങളിനി ഒന്നു കൂടി ആറ്റിൽ ചാടി കുളിക്കട്ടെ. വീട്ടിലേയ്ക്ക് വളരെ ദൂരം കിടക്കുന്നു. ജീവിത ലക്ഷ്യത്തിലേയ്ക്കും. എല്ലാ ദർശനം വായനക്കാർക്കും നമസ്കാരം. ജയ്ജഗത്.

# യഥാദീയതേ തഥാലഭ്യതേ

**സനൽകുമാർ. 9605896925**

ഏതൊരു വ്യക്തിയും വളരെയാഗ്രഹിക്കുന്ന സംഗതികളാണല്ലോ സന്തോഷവും മന:ശാന്തിയും. അതു ലഭിക്കുവാൻ മുന്നിട്ടു പ്രവർത്തിക്കേണ്ടത് അവനവൻ തന്നെയാണ്. സ്വയം നന്നായാലേ സമൂഹവും നന്നാവൂ. ഞാൻ സ്നേഹഭാവത്തിൽ പെരുമാറിയാലേ എനിയ്ക്കും സ്നേഹം ലഭിക്കൂ എന്ന വസ്തുത പലരും വിസ്മരിക്കുന്നു. എനിക്കു ധാരാളം ഗുണങ്ങളുണ്ട് അതിനാലൊരു തെറ്റു ചെയ്താലും സാരമില്ല എന്നു കരുതുന്നവരും, ആദ്യം അയാൾ നന്നാവട്ടെ, എന്നിട്ടാവാം ഞാൻ എന്നു കരുതുന്നവരും നിരവധിയുണ്ട്.

വിവേകാനന്ദസ്വാമികൾ ഒരു കഥ പറഞ്ഞിരുന്നു. ഒരു രാജാവിന് മഹനീയമായൊരു രാജസദസ്സുണ്ടായിരുന്നു. അതിൽ രാജാവ് ഏറെ അഭിമാനിച്ചിരുന്നു. എന്നാൽ അവർ വളരെ സ്വാർത്ഥമോഹികളും സ്തുതിപാഠകരുമായിരുന്നു. അവരെ കണ്ണടച്ചു വിശ്വസിക്കുന്നത് അപകടമാണെന്ന വസ്തുത പ്രധാനമന്ത്രി പലതവണ രാജാവിനെ താക്കീതു ചെയ്തിട്ടും അദ്ദേഹത്തിന്റെ മനോഭാവത്തിനു യാതൊരു മാറ്റവും സംഭവിച്ചില്ല. അവരെല്ലാം അത്യന്തം വിശ്വസ്തരാണ്, അവരെന്നെ ഒരിക്കലും കൈവിടുകയില്ലെന്നുമുള്ള നിലപാടിൽ രാജാവ് ഉറച്ചു നിന്നു. യാഥാർത്ഥ്യം മനസ്സിലാക്കി കൊടുക്കുവാനായി മന്ത്രി രാജാവിന്റെ അനുമതിയോടു കൂടി ഒരു മേള സംഘടിപ്പിച്ചു. അന്നേ ദിവസം സ്റ്റേജിന്റെ കർട്ടനു പിന്നിലായി വലിയൊരു ഭരണി സ്ഥാപിച്ചു. അതിലേയ്ക്ക് ഓരോ സേവകരും പ്രഭാതത്തിനു മുമ്പായി ഓരോപാത്രം ശുദ്ധമായ പാൽ കൊണ്ടൊഴിക്കണമെന്നു നിർദ്ദേശിച്ചു. മേള സമാപിച്ച ശേഷം മന്ത്രി രാജാവിനെ ഭരണി തുറന്നു കാണിച്ചു. അത്ഭുതം! അതിൽ വെറും പച്ചവെള്ളം മാത്രം ഒറ്റത്തുള്ളി പാൽ പോലും അതിലില്ല! കോപിഷ്ഠനായ രാജാവ് ഇതെന്തുപറ്റിയെന്നു ചോദിച്ചപ്പോൾ മന്ത്രി പറഞ്ഞു. രാജൻ! ഓരോരുത്തരും കരുതി, മറ്റുള്ളവരെല്ലാം ശുദ്ധമായ പാലൊഴിക്കുമ്പോൾ ഞാൻ ഒരുപാത്രം വെള്ളമൊഴിച്ചാൽ അതു കണ്ടുപിടിക്കില്ലെന്ന് ഈ രാജസേവകരുടെ മനോഭാവമാണ് ഇന്നു സമൂഹം അനുകരിക്കുന്നത്.

നാം നന്നായാൽ നമുക്കു മാത്രമല്ല, മറ്റുള്ളവർക്കും ഗുണം കിട്ടും. എന്നാൽ സ്വയം നന്നാവാതെ സമൂഹത്തെ നന്നാക്കാൻ ഉദ്യമിച്ചാൽ അതു നമുക്കും കൂടി ദോഷമായേ ഭവിക്കൂ. ഞാൻ സമൂഹത്തിനു വേണ്ടി പല നല്ല കാര്യങ്ങളും ചെയ്തു കഴിഞ്ഞു, ഇനിയിപ്പോൾ വെറുതെയിരുന്നാലും സാരമില്ല എന്നു കരുതുന്നതും അവിവേകമാണ്. ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ പറയുന്നു: അല്ലയോ പാർത്ഥാ, മൂന്നു ലോകങ്ങളിലും എനിക്കൊരു കർമ്മവും ചെയ്യേണ്ടതായിട്ടില്ല. എനിക്കു കിട്ടാത്തതും കിട്ടേണ്ടതായും ഒന്നുമില്ല. എങ്കിലും ഞാൻ കർമ്മം ചെയ്തു കൊണ്ടിരിക്കുന്നു. ആലസ്യം വിട്ട് ഞാൻ കർമ്മം ചെയ്യാതിരുന്നാൽ ഈ മനുഷ്യർ എല്ലാവിധത്തിലും മടിയന്മാരായി എന്റെ മാർഗ്ഗത്തെ തന്നെ അനുഗമിക്കും.

ഒരു ഗൃഹനാഥൻ തെറ്റായ മാർഗ്ഗത്തെ പിൻതുടർന്നാൽ ആ കുടുംബത്തിലെ മറ്റംഗങ്ങളും അതേ മാർഗ്ഗം തന്നെ അവലംബിക്കും. അതു തനിക്കു മാത്രമല്ല, മറ്റുള്ളവർക്കും അശാന്തിയുണ്ടാക്കുന്നു. സ്ത്രീപുരുഷന്മാർക്ക് പരസ്പരമുള്ള ധാർമ്മിക നിയന്ത്രണം ഇന്നു നഷ്ടമായിരിക്കുന്നു. സ്വയം ആത്മസംതൃപ്തിയെന്തെന്നറിയാത്ത മാതാപിതാക്കൾക്കെങ്ങിനെ തന്റെ കുട്ടികളിൽ പരസ്പരധാരണയുടെയും വിട്ടുവീഴ്ചയുടേയും സംസ്കാരം ഊട്ടിയുറപ്പിക്കാനാവും? ആരും മറ്റുള്ളവർക്ക് വഴങ്ങാൻ തയ്യാറാവാതെ നിർബന്ധബുദ്ധിയോടെ മുന്നോട്ട് പോയാലത്തെ സ്ഥിതിയെന്ത്?

അമ്മ പറയുന്നു: ഒരു വീട്ടിൽ അച്ഛനും അമ്മയും മകനും മാത്രം താമസിക്കുന്നു. അവർക്ക് സ്വന്തമായൊരു കാറുണ്ട്. ഒരു ദിവസം അച്ഛന് തന്റെ ഓഫീസിൽ ഒരു മീറ്റിംഗിൽ പങ്കെടുക്കണം. അന്നു തന്നെ അമ്മയ്ക്കൊരു വിവാഹത്തിന് പോകണം. മകനും അന്നൊരു ക്രിക്കറ്റ് ടൂർണമെന്റിനു പോവേണ്ടതായിട്ടുണ്ട്. മൂവർക്കും ഒറ്റയ്ക്കു പോവാനാണിഷ്ടം. അച്ഛന് കാർ തന്റെ ആവശ്യത്തിനു വേണമെന്നു നിർബന്ധം. അപ്പോൾ അമ്മ പറഞ്ഞു. കാർ എനിയ്ക്കു വേണം, ഞാൻ തനിയെ ഡ്രൈവ് ചെയ്തോളാം എന്ന്. മകനും കാർ തന്റെ ആവശ്യത്തിനു കിട്ടിയേ പറ്റൂ എന്നു നിർബന്ധം. മൂവരും പരസ്പരം വാശി പിടിച്ചു. പിന്നെ വഴക്കായി. അവസാനം ആർക്കും തന്നെ ലക്ഷ്യം നേടാനായില്ല. എന്നാൽ അച്ഛൻ നിങ്ങളെ പോകേണ്ട സ്ഥലത്തെത്തിച്ചിട്ട് ഞാൻ

പൊയ്ക്കോളാം എന്നു പറയുകയോ അമ്മയും മകനും ഇതു പോലെ പരസ്പരം സഹായിക്കാൻ തുനിയുകയോ ചെയ്തിരുന്നെങ്കിൽ മൂവർക്കും സംതൃപ്തരാകാമായിരുന്നു. ആരും വിട്ടുവീഴ്ചയ്ക്കു തയ്യാറാവാതിരുന്നത് ആ വീട്ടുകാർക്കാകെ ദു:ഖത്തിനും അസ്വസ്ഥതയ്ക്കും കാരണമായി.

എനിക്കറിവുണ്ടെന്ന അഹംഭാവം പലർക്കുമുണ്ട്. എന്നാൽ എനിക്കഹംഭാവമുണ്ടെന്ന അറിവ് തീരെയില്ല. സമൂഹത്തിൽ നിന്നും നാം എന്തു പ്രതീക്ഷിക്കുന്നുവോ അതു നാം നൽകുവാനും തയ്യാറാവണം. എങ്കിലേ സംതൃപ്തമായ ജീവിതം ലഭ്യമാവുകയുള്ളൂ. നെല്ലു വിതച്ചാലേ നെല്ലു കൊയ്യാനാവൂ. അല്ലെങ്കിൽ വളരുന്നത് പുല്ലാവും. ഏവരുടെയും പ്രയത്നം സമൂഹനന്മയ്ക്കും കൂടിയുള്ളതായിത്തീരട്ടെ.

ഓം ശാന്തി: ശാന്തി: ശാന്തി:

## ജയ്പൂരിൽനിന്നും ഒരു കത്ത്

പ്രിയ ബന്ധു,

ദർശനം ഇന്റർനെറ്റിൽ വായിച്ചു. വിഭവങ്ങളെല്ലാം നന്നായിരിക്കുന്നു. ദർശനത്താളുകളിൽ നിന്നും നേരായ വഴി തെളിയുന്നു സന്തോഷം. ഞാൻ, മതാതീത ആത്മീയതയെക്കുറിച്ച് മനസ്സിൽ തോന്നിയ ചില കാര്യങ്ങൾ എഴുതിയത് അയയ്ക്കുന്നു. കേരളത്തിൽ കുറേ നാളായി കേട്ടു വരുന്ന ഒരു വാക്കാണ് മതാതീത ആത്മീയത. അദ്ദേഹം മതാതീത ആത്മീയതയുടെ വക്താവായിരുന്നു, അദ്ദേഹം മതാതീത ആത്മീയവാദി ആയിരുന്നു, എന്നൊക്കെ പലരെ കുറിച്ചും തട്ടിവിടുന്നതു കേൾക്കാം. എന്താണീ മതാതീത ആത്മീയത? ഒരു പക്ഷേ മതേതരം പോലെ തന്നെ ഇതു നിരന്തരം പ്രയോഗിക്കുന്ന പല വിദ്വാന്മാർക്കും മതാതീത ആത്മീയതയെക്കുറിച്ച് ശരിയായ ഒരു അവബോധം ഉണ്ടെന്ന് തോന്നുന്നില്ല.

ഒരുപക്ഷേ അവർ ഉദ്ദേശിക്കുന്നത് മതത്തിന്റെ സങ്കുചിതമായ മതിലുകൾക്കുപരിയായി, മനുഷ്യരെ എല്ലാവരേയും ഒരു പോലെ കാണുന്ന ഒരു ആധ്യാത്മിക ജീവിയെ കുറിച്ച് ആയിരിക്കും. തങ്ങളുടെ വഴിമാത്രം ആണ് ശരി അഥവാ തങ്ങളുടെ മാർഗ്ഗത്തിൽ കൂടി മാത്രമേ സ്വർഗ്ഗരാജ്യത്തിൽ കടക്കാൻ പറ്റുള്ളൂ എന്നു വിശ്വ

സിക്കുന്നവരുടെ ഇടയിൽ മതാതീത ആത്മീയത എന്നൊരു സങ്കൽപ്പം ഉണ്ടായിരിക്കാം. പക്ഷേ ഹിന്ദുക്കൾ എന്ന് ഇന്ന് പൊതുവിൽ വിളിക്കപ്പെടുന്ന സനാതന ധർമ്മാവലംബികളെ സംബന്ധിച്ചിടത്തോളം ഇതൊരു അപ്രസക്തമായൊരു വാക്ക് മാത്രമാണ്. കാരണം ആത്മീയത എന്നും എപ്പോഴും മതാതീതം തന്നെ ആണ്. ഒരേ ഈശ്വരനിലേക്ക് പോകുന്ന വിവിധ വഴികൾ മാത്രം ആണ് വിവിധ മതങ്ങൾ എന്ന് സനാതന ധർമ്മം പറയുന്നു. സനാതന ധർമ്മത്തിൽ തന്നെ പല മതങ്ങൾ ഉണ്ട് എന്ന കാര്യം എല്ലാവർക്കും അറിയാവുന്ന ഒന്നാണല്ലോ.

മതപരമായ യാതൊരു പരിഗണനയും ഇല്ലാതെ മനുഷ്യരെ തുല്യരായി കാണേണ്ട മതനിരപേക്ഷതയ്ക്കു പകരം ഇന്ന് മതേതരം, മതാധിഷ്ഠിതമായതു പോലെ തന്നെ മതാതീത ആത്മീയതയും പലരും ഇന്ന് തെറ്റായാണ് ഉപയോഗിക്കുന്നത്. ചുരുക്കത്തിൽ ഒരാൾ ആത്മീയതയെ പുൽകുന്ന ആൾ ആണെങ്കിൽ അദ്ദേഹം മതാതീതൻ തന്നെ ആണ്. കാരണം ആത്മീയതയും മതവും രണ്ടാണ്.

വിനയപൂർവ്വം,

**വിജയകുമാർ, ജയ്പൂർ**

ഫോൺ : 0141-2299980

## പൊതുവിവരങ്ങൾ

1. **പ്രതിമാസ യോഗം** : ആഗസ്റ്റ് ആറാം തീയതി നീർക്കുന്നം ധന്യയിലായിരുന്നു പ്രതിമാസ യോഗം. ഈ ലക്കം മുഖലേഖനം വായിച്ചു. മാരീചവിചാരം, മൈത്രീവടകം എന്നീ പ്രയോഗങ്ങളെക്കുറിച്ച് ചർച്ച നടന്നു. തന്റെ കൂട്ടത്തിൽ പെടാത്തവരെന്നു കരുതുന്നവരെ സ്വയം നശിച്ചാലും, നശിപ്പിക്കാൻ ശ്രമിക്കുന്നവരുടെ മാനസികാവസ്ഥയാണ് രാമായണത്തിൽ മാരീചൻ പ്രതിനിധീകരിക്കുന്നത്. ഹിംസയെ നേരിടേണ്ടത് ആയുധം കൊണ്ടല്ല. നല്ല മൈത്രീവടകം കൊടുത്തുവേണം എന്നാണ് കുറുപ്പു സാർ നിർദ്ദേശിക്കുന്നത്. ഗവൺമെന്റുകൾ ഭീകരതയെ ആയുധം ഉപയോഗിച്ച് അമർച്ച ചെയ്യുവാൻ ശ്രമിക്കുകയാണല്ലോ. ഇവിടെ പ്രതിപാദിക്കുന്നത് ജനങ്ങളുടെ പങ്കാളിത്തമാണ്. അയൽക്കാർ ഒന്നിച്ചുകൂടി കൃഷിയിലേയ്ക്ക് തിരിയുക. പരസ്പരാനന്ദ ജീവിതമാണ് പ്രശ്നങ്ങൾക്ക്

പരിഹാരം. സ്മരാണാഞ്ജലിയെ പറ്റിയുള്ള തീരുമാനങ്ങൾ യോഗം കൈക്കൊണ്ടു. രാവിലെ 9ന് മുൻപായി അമ്പലപ്പുഴ ടൗൺഹാളിൽ എത്തുക. പദയാത്രയായി സന്ദർശനിലേക്ക് പോകാം. നടക്കാൻ ബുദ്ധിമുട്ടുള്ളവർ യോഗസ്ഥലത്തെത്തിയാൽ മതി. സർവ്വശ്രീ ചന്ദ്രൻ പുറക്കാട്, ഗോപാലകൃഷ്ൻ സാറും സുഷമടീച്ചറും, അഷറഫ്, സോമൻ, ഷാജി, കൃഷ്ണദാസ് സാർ, ഗിരിജൻ തുടങ്ങിയവർ പങ്കെടുത്തു.

**അനുമോദനം** :- അമ്പലപ്പുഴ എ.ഇ.ഒ ആയിരുന്ന കൃഷ്ണദാസ് സാർ പ്രമോഷൻ കിട്ടി ഇപ്പോൾ ചേർത്തല വിദ്യാഭ്യാസ ഓഫീസറായി പ്രവർത്തിക്കുന്നു. അമ്പലപ്പുഴ സബ്ജില്ലയിലെ എല്ലാ പൊതു വിദ്യാലയങ്ങളിലും ക്ലാസ്സ് റൂം ലൈബ്രറികൾ സ്ഥാപിച്ച് സംസ്ഥാനത്തിന് തന്നെ മാതൃകയായ പ്രൊജക്റ്റിന്റെ ചുമതലക്കാരനായിരുന്നു ശ്രീ. കെ.പി കൃഷ്ണദാസ്. ദർശനം കുടുംബാംഗമായ സാറിന് യോഗാംഗങ്ങൾ അഭിനന്ദനങ്ങൾ നേർന്നു.

2. **വിവാഹം** : ബസുമയുടെ മകളുടെ വിവാഹമാണ്. ദർശനം വായനക്കാർക്കെല്ലാം സ്വാഗതം. ക്ഷണക്കത്ത് - ആത്മമിത്രമേ, ഞങ്ങളുടെ മകൾ വിജയലക്ഷ്മിയും, ശ്യാം ചന്ദ്രനും ഈ വരുന്ന 27/08/2017 പകൽ 12 മണിക്ക് രാമപുരം (കായംകുളത്തിനും ഹരിപ്പാടിനും മദ്ധ്യേ) താമരശ്ശേരി കൺവൻഷൻ സെന്ററിൽ വെച്ച് വിവാഹിതരാകുന്നു. താങ്കളുടെ സകുടുംബസാന്നിദ്ധ്യം സാദരം ക്ഷണിച്ചു കൊള്ളുന്നു. ബാലസുബ്രമണി (മിൽമ) ശ്രീദേവി (സി.ബി.എം.എച്ച്.എസ്) 9446162091 8. കല്യാണക്കുറിയിലെ സന്ദേശം. ***നമ്മുടെ പ്രാണവായു, ജീവജലം, അന്നം വിളയുന്ന മണ്ണ് എന്നിവ മലിനപ്പെടുത്താതെ സംരക്ഷിക്കുക.***

3. **അനാച്ഛാദനം** : കഞ്ഞിപ്പാടം എൻ.എസ്.എസ് മഹിളാസമാജം അവരുടെ കരയോഗ മന്ദിരത്തിൽ സ്വാതന്ത്ര്യ ദിനത്തിൽ രണ്ട് ചിത്രങ്ങൾ അനാഛാദനം ചെയ്തു. മഹാത്മജിയുടെയും അച്ഛന്റെയും. മഹാത്മജിയുടെ ചിത്രം കരയോഗം വൈസ് പ്രസിഡന്റ് ശ്രീ. മധൂസൂധനപ്പണിക്കരും, അച്ഛന്റെ ചിത്രം രാമചന്ദ്രക്കുറുപ്പു ചേട്ടനുമാണ് അനാച്ഛാദനം ചെയ്തത്. ദർശനത്തിലൂടെ അച്ഛൻ ആവിഷ്കരിച്ച അയൽക്കൂട്ടം എന്ന ആശയം ഗവൺമെന്റ് അംഗീകരിച്ച് നടപ്പിലാക്കിയതിന്റെ പശ്ചാത്തലം രാമചന്ദ്രൻചേട്ടൻ വിശദീകരിച്ചു. അച്ഛ

നോടൊപ്പമുള്ള നിരവധി ജീവിതാനുഭവങ്ങളും പങ്കുവെച്ചു. മഹിളാ സമാജം പ്രസിഡന്റ് ശാന്തകുമാരി സ്വാതന്ത്ര്യദിനത്തിൽ ഈ മഹദ്വ്യക്തികളുടെ ചിത്രങ്ങൾ ഇവിടെ അനാച്ഛാദനം ചെയ്യുന്നതിന്റെ പ്രാധാന്യം വിശദീകരിച്ചു. തുടർന്ന് 34 വർഷത്തെ സൈനികസേവനം കഴിഞ്ഞ് ഇപ്പോൾ കരയോഗം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ശ്രീ.ഗോപാലകൃഷ്ണപ്പണിക്കരെ പൊന്നാടയണിയിച്ച് അഭിനന്ദിച്ചു. സെക്രട്ടറി രാമചന്ദ്രപ്പണിക്കർ, രാജലക്ഷ്മിച്ചേച്ചി, മണിയമ്മച്ചേച്ചി തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം കഴിഞ്ഞ് എല്ലാവർക്കും പായസവും നൽകിയാണ് യോഗം പര്യവസാനിച്ചത്. മഹിളാ സമാജത്തിന്റെ ഈ ഉദ്യമത്തിന് ദർശനത്തിന്റെ അഭിനന്ദനം.

4. **പനി** : ഇപ്പോൾ പനി പടർന്നുപിടിച്ച് നാടാകെ ജനം കഷ്ടപ്പെടുന്നുണ്ടല്ലോ. അയൽപക്കത്തായം എന്ന അച്ഛനെകുറിച്ചുള്ള ഡോക്യുമെന്ററി പിടിക്കാൻ ശ്രമിച്ച ദിനേശൻ ഡെങ്കിപ്പനി പിടിച്ച് മരിച്ചുപോയി. പത്രത്തിൽ വാർത്തകണ്ട് വളരെ വിഷമം തോന്നി. വീട്ടിൽ പോയി കുടുംബാംഗങ്ങളെ കണ്ട് അന്ത്യാഞ്ജലി അർപ്പിച്ചു. പനി അതിന്റെ കാരണങ്ങൾ, പരിഹാരങ്ങൾ എന്നിവയെക്കുറിച്ച് നമ്മുടെ ശിവശങ്കരൻ സാർ സമഗ്രമായി ഒരു ലേഖനം കലാകൗമുദിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോപ്പികൾ ഇവിടെ ലഭ്യം.

5. **ജൈവബദലുകൾ** : ദർശനത്തിന്റെ ഒരു മിത്രം ഗോപകുമാർ കോതമംഗലം സ്വദേശിയാണ്. രാസവസ്തുരഹിതവും പ്രകൃതിക്ക് അനുയോജ്യമായ നൂറോളം ഗാർഹിക ഉത്പ്പന്നങ്ങൾ നിർമ്മിച്ച് അദ്ദേഹം വിതരണം ചെയ്യുന്നു. നാടൻ പശുവിന്റെ പാൽ, തൈര്, നെയ്യ്, ചാണകം, ഗോമൂത്രം, സോപ്പിൻകായ, ആവണക്കണ്ണ എന്നിവയുപയോഗിച്ചാണ് നിർമ്മിതി. സോപ്പ്, സിന്ദൂരം, പൽപ്പൊടി, സ്നാനചൂർണ്ണം, ശുചീകരണ വസ്തുക്കൾ തുടങ്ങിയവയാണ് നിർമ്മിക്കുന്നത്. താത്പര്യമുള്ളവർക്ക് ബന്ധപ്പെടാം. ഫോൺ - 9961886557.

6. **പ്രചാരണം** : പരിസ്ഥിതി ദിനാചരണവുമായി ബന്ധപ്പെട്ട് നീർക്കുന്നം, കരുമാടി, പല്ലന എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികളുമായി സംവദിക്കുവാൻ ദർശനം മിത്രങ്ങൾക്ക് അവസരമുണ്ടായി. മൈത്രീഭാവനയുടെ വിത്തുകൾ കുഞ്ഞു മനസ്സുകളിൽ നിറയ്ക്കാൻ കഴിഞ്ഞു. പുന്നപ്രയിൽ എളിമ സ്വയം സഹായസംഘ

ത്തിലും സായീസമിതിയിലും ദർശനം സന്ദേശങ്ങളെത്തിച്ചു.

**ദേഹവിയോഗങ്ങൾ** :

1. **അഹമ്മദ് കബീർ** :- ആതീവ ദുഃഖകരമായ ഒരു സംഭവം നടന്നു. ദർശനം കുടുംബാംഗമായ കബീർ (48) വാഹനാപകടത്തെ തുടർന്ന്, സ്വാതന്ത്ര്യദിനത്തിന് തലേദിവസം അന്തരിച്ചു. ഭാര്യ ആബിദയോടൊപ്പം ആലപ്പുഴയിൽനിന്നും ബൈക്കിൽ വരികയായിരുന്നു. ആബിദ നിസ്സാര പരിക്കുകളോടെ രക്ഷപെട്ടു. ഇവർക്ക് രണ്ട് പെൺമക്കളാണുള്ളത്. ദർശനം പരിപാടികൾക്കും വനയാത്രകൾക്കും പങ്കെടുക്കാറുള്ള ഈ മിത്രത്തിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു. വനയാത്രയ്ക്ക് ഒരു ചാക്കും കരുതി പ്ലാസ്റ്റിക് കണ്ടാൽ പെറുക്കി ചാക്കിലിട്ട് പരിസ്ഥിതി സംരക്ഷണത്തിന് മാതൃക കാട്ടിയിരുന്നു. സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് പക്ഷപാതരഹിതമായി പ്രതികരിക്കാറുള്ള കബീർ ജീവകാരുണ്യപ്രവർത്തകരുടെ കൂട്ടായ്മയായ കൃപയുടെ സെക്രട്ടറിയാണ്. ഇല്ലായ്മയുടെ നടുവിലും നിറപുഞ്ചിരിയോടെ ദുഃഖിതരുടെ കണ്ണീരൊപ്പുവാൻ അശ്രാന്തപരിശ്രമം നടത്തിയ പ്രിയമിത്രം കബീർ, നിനക്ക് മരണമില്ല.

2. **ടി.എൻ. ചന്ദ്രശേഖരപണിക്കർ** :- സതീഷ്ചന്ദ്രന്റെ അച്ഛൻ. വാർദ്ധക്യസംബന്ധമായ അസുഖത്തെ തുടർന്ന് അന്തരിച്ചു. പലപ്പോഴും ഒന്ന് പോയി കാണണമെന്ന് ആഗ്രഹിച്ചെങ്കിലും പോകാൻ കഴിഞ്ഞില്ല. ഒരു കാര്യം ചെയ്യുവാൻ മനസാക്ഷി പ്രേരണ നൽകുമ്പോൾ ഉടനെ അത് ചെയ്യുക. അല്ലെങ്കിൽ പ്രകൃതി അതിന് അവസരം തരണമെന്നില്ല. സതീഷിന്റെ അമ്മയെ കണ്ട് ദർശനത്തിന്റെ പ്രണാമം അർപ്പിച്ചു. നമുക്ക് ചിറകുകളില്ലെങ്കിലും നമ്മുടെ പ്രാർത്ഥനകൾക്ക് ചിറകുകളുണ്ട്. ഏത് ലോകത്താണെങ്കിലും പ്രാർത്ഥനാതരംഗങ്ങൾ സമർപ്പിത ജീവന് ലഭിക്കും. സതീഷിന്റെ കുടുംബാംഗങ്ങളിൽ പലരും അച്ഛന്റെ മിത്രങ്ങളാണ് ദർശനം വായിക്കുന്നവരും. ആദരണീയരായ കുടുംബാംഗങ്ങൾ ശ്രീ. കല്ലേലിൽ രാഘവൻപിള്ള സാർ, പ്രൊഫ. കല്ലേലി കൃഷ്ണൻകുട്ടി സാർ, പ്രൊഫ. ഗോപാലകൃഷ്ണൻ സാർ എന്നിവരെയും കണ്ട് നമിച്ചു. ദർശനത്തിന് അവരുടെ ആശിർവാദവും ലഭിച്ചു.

3. **അമ്മേലിക്കളത്തിൽ ഉഷ** : അപ്രതീക്ഷിതമായ അന്ത്യമായിരുന്നു. ഞങ്ങളുടെ വീട്ടിലായിരുന്നു ഉഷ കുട്ടിക്കാലത്ത് താമസം. ഉഷയുടെ ഭർത്താവ് നേരത്തേ മരിച്ചു പോയി. പല വീടുകളിലും മാറി മാറി പണി ചെയ്താണ് ഉഷ മക്കളെ നല്ല പോലെ വളർത്തി

ക്കൊണ്ടു വന്നത്. ജോലി കഴിഞ്ഞ് വീട്ടിലേയ്ക്ക് വരുന്നവഴി റോഡ് ക്രോസ് ചെയ്യുമ്പോൾ ആംബുലൻസ് തട്ടിയായിരുന്നു അപകടം. അതിന്റെ വേദന നാടു മുഴുവനും വ്യാപിച്ചു. കുട്ടികൾ അനാഥരാവില്ല, കഞ്ഞിപ്പാടം അവരോടൊപ്പമുണ്ട്.

4. **വിജയകുമാർ –** ഇതുപോലെ നാടുനടുക്കിയ ഒരു സംഭവമായിരുന്നു വിജയപുരത്തെ ലൈലമ്മയുടെ ഭർത്താവ് വിജയകുമാറിന്റെ മരണവും. കുളിമുറിയിൽ വെച്ച് ഹൃദായാഘാതം വന്ന് അന്തരിച്ചു. മരണത്തെപ്പറ്റി ഗീതയിൽ പറയുന്നു. അർജ്ജുനാ ആഴി അതിർത്തി ലംഘിക്കാതിരിക്കുന്നത്, പർവ്വതങ്ങൾ അതിന്റെ അസ്ഥിവാരത്തിൽ നിന്നും ഇളകാത്തത്, മാരി ചൊരിയുന്നത്, അഗ്നി എരിയുന്നത്, ദിനരാത്രങ്ങളുടെ വരവും പോക്കും, മൃത്യുദേവൻ മനുഷ്യരിൽ കൈവെയ്ക്കുന്നത് ഇതെല്ലാം എന്റെ ആജ്ഞാനുസരണം സംഭവിക്കുന്നതാണ്. അപ്രതിഹതമായ എന്റെ ഈ നിയമവ്യവസ്ഥകണ്ട് നീ വെറുതെ അസ്ഥാളിക്കരുത്. ആത്മാവിന് മരണമില്ല.

5. **മഹേശ്വരി അമ്മ** : സാമൂഹ്യരംഗത്ത് തിളങ്ങി നിന്ന അമ്പലപ്പുഴയിലെ വാനമ്പാടിയായിരുന്നു മാച്ചമ്മചേച്ചി എന്ന് സ്നേഹപൂർവ്വം വിളിക്കുന്ന മഹേശ്വരി അമ്മ. കൊല്ലത്തെ പ്രശസ്തനായ എം.പി. ശ്രീ. സി.എൻ. ശ്രീകണ്ഠൻ നായരുടെ സഹധർമ്മിണിയും, സ്വാതന്ത്ര്യസമര സേനാനി ശ്രീ. കെ.കെ കുഞ്ചുപിള്ള സാറിന്റെ പുത്രിയുമായ ചേച്ചി 88–ാം വയസ്സിൽ അന്തരിച്ചു. അച്ഛനോടൊപ്പം ഒരുപാട് യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. പക്ഷാഘാതത്തെ തുടർന്ന് വിശ്രമജീവിതം നയിച്ചു വന്ന ചേച്ചിയെ ഇടയ്ക്ക് പോയി കണ്ട് ദർശനം കൊടുക്കാറുണ്ട്. അച്ഛന്റെ കലണ്ടർ സ്നേഹപൂർവ്വം ചേച്ചിയുടെ മുറിയിൽ സൂക്ഷിച്ചിട്ടുണ്ട്. ചേച്ചിക്ക് ദർശനത്തിന്റെ ശുഭസങ്കൽപ്പങ്ങൾ അർപ്പിക്കുന്നു.

**മടിശ്ശീല** :- സർവ്വശ്രീ. പ്രഭാകരൻനായർ, നല്ലൂപ്പറമ്പ് – 200, താജുദ്ദീൻ, കരൂർ – 200, എസ്.ബി.നായരുടെ മകൻ ശശികുമാർ – 1000, പ്രൊഫ. കല്ലേലിൽ കൃഷ്ണൻകുട്ടി – 500, പ്രൊഫ.ഗോപാലകൃഷ്ണൻ – 500, ഡോ. വേണുഗോപാൽ, നീർക്കുന്നം – 500, താര, അമ്പലപ്പുഴ – 500, അനിതചേച്ചി, കഞ്ഞിപ്പാടം – 250, വാസന്തിയമ്മ, അമ്പലപ്പുഴ – 300, ഗോപിനാഥൻ നായർ, ഗാന്ധി സ്മാരക നിധി – 200, എ.ആർ ഗോപാലപിള്ള, കുട്ടൻപേരൂർ – 200. എല്ലാവർക്കും പ്രണാമം.

സത്യം അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

## പിന്നെ എന്നും തിരുവോണം

ദുശ്ശീലങ്ങൾ നാം വെറുതെ ഒരു രസത്തിന് തുടങ്ങുന്നതാണ് പിന്നെ അതങ്ങ് സ്വഭാവമാകും. ക്രമേണ നമ്മെ അടിമകളാക്കും. ഇതറിയാതെ ദുശ്ശീലങ്ങൾക്ക് വേണ്ടി നാം പണിയെടുക്കും. നമ്മുടെ സമയവും സമ്പത്തും കുടുംബബന്ധങ്ങൾ വരെയും ബലി കഴിക്കും. ദുശ്ശീലങ്ങൾ ശത്രുക്കളാണ്. മദ്യം, മയക്കുമരുന്ന്, വിഷയാസക്തി എന്നിവ മാത്രമല്ല നാണയത്തിന്മേലുള്ള ഭ്രമവും നമ്മുടെ ശത്രുക്കൾ തന്നെ. ഇവയെ വീട്ടിലോ മനസ്സിലോ കയറ്റരുത്. പുരയ്ക്കകത്ത് പാമ്പ് കയറിയാൽ ഓടിച്ച് കളയുകയോ തല്ലിക്കൊല്ലുകയോ ചെയ്യുമ്പോലെ ഉറച്ച തീരുമാനമാകുന്ന വടിയെടുത്ത് ദുശ്ശീലങ്ങളെ നേരിടുക. അതാണ് മഹാ-ബലി. പിന്നെ എന്നും തിരുവോണം.

**എല്ലാവർക്കും ഓണാശംസകൾ.**

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306